# വചന വിചിന്തനം

## മൂശക്കാലം മൂന്നാം ഞായർ

മത്താ 8,23-34

26/10/2014

"നികൃഷ്ടമായ പന്നികൾക്ക് വേണ്ടി കർത്താവിനെ പടിയടച്ച് പിണ്ഡം വച്ചവർ"

ഈശോ ഗദറാറായരുടെ ദേശത്ത് എത്തിയപ്പോൾ ആരെയും വഴി നടത്താത്ത അപകടകാരികളായ രണ്ട് പിശാച് ബാധിതർ ക്രിസ്തുവിനോട് ചോദിക്കുന്നു, "ദൈവ പുത്രാ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപ്പെടുന്നു?" ഇത് കേട്ട ക്ഷണം ക്രിസ്തു അവർക്ക് പിശാച് ബാധയിൽ നിന്ന് സൗഖ്യം സമ്മാനിക്കുന്നു. അവരിൽ നിന്നറങ്ങിയ പിശാചുക്കൾ ആവസിച്ചത് പന്നികളിലും. ആ പന്നികൾ കിഴക്കാം തൂക്കായ നിരത്തിലൂടെ പഞ്ഞ് ചെന്ന് കടലിൽ മുങ്ങി ചത്തു. ഇത് കേട്ടറിഞ്ഞ ജനം സൗഖ്യം സമ്മാനിച്ച ക്രിസ്തുവിനോട് തങ്ങളിൽ നിന്ന് അകന്ന് പോകണമെന്ന് അപേക്ഷിക്കുന്നു.

ഒരു പക്ഷെ, നമ്മൾ കരുതുന്നുണ്ടാകും ഈ പിശാചുബാധിതർ നമ്മിൽ നിന്നും അകന്നു നിൽക്കുന്ന ഒന്നാണെന്ന്. പക്ഷെ, ഒന്നിരുത്തി ചിന്തിച്ചാൽ ഇക്കൂട്ടർ എന്നിലും നിന്നിലും ആവസിച്ചിരിക്കുന്ന ഒരു വർഗ്ഗമാണ്. എന്നിലെ ഒരു സാദ്ധ്യതയും കൂടിയാണ്.

> ചങ്ങലകൾ തകർത്തിരുന്ന പിശാചു ബാധിതർ... ക്രോധത്തിനും വിദ്വേഷത്തിനും അത്യാഗ്രഹത്തിനും അസൂയ്ക്കും പ്രതികാര ചിന്തകൾക്കും ഞാൻ അടിമയാകുമ്പോൾ വിശ്വാസത്തിന്റെയും ധാർമ്മികതയുടെ കണ്ണികൾ തല്ലിപ്പൊളിക്കുകയാണ് നാം...

➲ "തിന്മയുടെ ആവാസമുള്ളവർ വസിക്കുന്ന ഇടം ശവക്കല്ലറ." ശവക്കല്ലറ ഒരു ചൂണ്ടുപലക കൂടിയാണ്. തിന്മയുടെ ആവാസമുള്ളവർ മറ്റുള്ളവർ ആരും കണ്ടുപിടിക്കാത്ത ഇടങ്ങൾ തിരയുന്നു. ആർക്കും എത്തിപിടിക്കാൻ ഇഷ്ടപ്പെടാത്ത സ്ഥലങ്ങൾ കണ്ടുപിടിക്കുന്നു. മറ്റുള്ളവരെ പേടിപ്പെടുത്തുന്ന രീതിയിൽ ജീവിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ വസിക്കുന്ന ഇടങ്ങൾ എപ്രകാരമുള്ളതാണ്? പ്രിയപ്പെട്ടവർ ഇഷ്ടപ്പെടാത്ത ഇടങ്ങളിലാണോ ഞാൻ അന്തിയുറങ്ങുന്നത്? ആർക്കും കണ്ട് പിടിക്കാൻ സാധിക്കാത്ത ഇടങ്ങൾ നമ്മുടെ ഇടതാവളങ്ങളായി നാം മാറ്റിയെടുക്കുന്നുണ്ടോ? എങ്കിൽ, നാം സൂക്ഷിക്കണം. കാരണം, തിന്മയുടെ ആവാസം നമ്മിലുണ്ട്.

➲ സ്മശാനം വിജനതയുടെയും ഒറ്റപ്പെടലിന്റെയും അടയാളം കൂടിയാണ്. അരിയെത്തുമ്പോൾ അന്തിയുറങ്ങേണ്ട കല്ലറ നഷ്ടസ്വപ്നങ്ങളുടെ പറുദീസയാണ്. വെട്ടിപ്പിടിക്കാൻ ഒരു ലോകമുണ്ടായിട്ടും സാധിക്കാത്തവർ വിശ്രമം കൊളുന്ന ഇടമാണ് സ്മശാനം. ഞാൻ വസിക്കുന്ന ഇടങ്ങൾ ശ്മശാനങ്ങൾക്ക് തുല്ല്യമാണെങ്കൽ, നിരാശ എന്റെ ജീവിതത്തെ ബാധിച്ചിരിക്കുന്നു. ആരും കാണാതെ, ആരോടും മിണ്ടാതെ, എല്ലാവരിൽ നിന്നും തെന്നിമാറി ,എന്റെ മാത്രം ലോകവും സൃഷ്ടിച്ച് ഞാൻ ജീവിക്കുമ്പോൾ ഞാനും ശവക്കലറകളിൽ വസിക്കുന്ന പിശാചുബാധിതനും തമ്മിലുള്ള അകലം കുറയ്ക്കുകയാണ്. ഈ അകലമല്ല കുറയ്ക്കേണ്ടത്. മറിച്ച്, ഞാനും ക്രിസ്തുവും തമ്മിലുള്ള അകലമാണ്.

➲ "തിന്മയുടെ ആവാസമുള്ളവർ അപകടകാരികളാണ്. ആരെയും വഴി നടത്താത്തവർ." കഴിഞ്ഞ തലമുറ പഠിപ്പിച്ച് തന്നിരിക്കുന്നത്, "ചന്ദനം ചാരിയാൽ ചന്ദനം മണക്കും; ചാണകം ചാരിയാൽ ചാണകം മണക്കുവെന്നാണ്." ഞാൻ ആരെയാണ് ചാരി നിൽക്കുന്നത്. കർത്താവിനെയോ അതോ പിശാചിനെയോ? കർത്താവിനെയാണെങ്കിൽ കർത്താവിൽ നിറഞ്ഞ് നിൽക്കുന്ന സുകൃതങ്ങളും അനുഗ്രഹങ്ങളും വ്യക്തി മുദ്രകളും എന്റെ ജീവിതത്തിലുണ്ടാകും. പിശാചിനെ ചാരിനിന്നാൽ പിശാചിന്റെ സ്വഭാവരീ

തികളും. പണ്ട്, ഒരു മനഃശാസ്ത്രജ്ഞർ പറഞ്ഞതോർക്കുന്നു, "നിന്റെ കൂട്ടുക്കാരൻ ആരെന്നു പറഞ്ഞാൽ നീ ആരെന്നു ഞാൻ പറയാമെന്ന്." ഞാൻ അപകടകാരിയാണെങ്കിൽ എന്നിൽ പിശാചിന്റെ ശക്തിവിശേഷം പ്രകടമായുണ്ട്. ആർക്കും നിയന്ത്രിക്കാൻ സാധിക്കാത്ത വിധത്തിൽ, മതാപിതക്കൾക്കും പ്രിയ്യപ്പെട്ടവർക്കും വിധേയപ്പെടാതെയാണ് ഞാൻ ജീവിക്കുന്നതെങ്കിൽ എന്നെ നയിക്കുന്നത് പിശാചിന്റെ ചിന്തകളാണ്. മാതാപിതാക്കളുടെയോ, ജീവിതപങ്കാളിയുടെയോ, മക്കളുടെയോ, ബന്ധുക്കളുടെയോ, സുഹൃത്തുക്കളുടെയോ, രാഷ്ട്രത്തിന്റെയോ സഭയുടെയോ സ്വരം ശ്രവിക്കാതെ ജീവിക്കുമ്പോഴും നാം നീങ്ങുന്നത് അന്ധകാരത്തിന്റെ വഴിക്കാണ്. രാഷ്ട്രബോധത്തിന്റെ ചങ്ങളകൾ നാം പൊട്ടിച്ച് കളയുമ്പോൾ അന്ധകാരത്തിന്റെ ശക്തിക്ക് അടിമപ്പെട്ട് പോവുകയാണ് നാം. ഒരു തിരിച്ച് വരവ് ആഗ്രഹിക്കുമ്പോൾ, 'കർത്താവ് ദൈവപുത്രനാണെന്ന്' തിരിച്ചറിയുക. അവന് ജീവിതത്തിൽ ഇടപ്പെടാൻ അവസരം നൽകുക.

➲ "തിന്മയുടെ ആവസമുള്ളവർക്ക് മറ്റുള്ളവർ തങ്ങളുടെ കാര്യത്തിൽ ഇടപ്പെടുന്നത് ഇഷ്ടമല്ല." പലപ്പോഴും, നമ്മൾ മാതാപിതാക്കളുടെയും മകളുടെയും ജീവിതപങ്കാളികളുടെയും അയൽക്കാരുടെയും സുഹൃത്തുക്കളുടെയും അടുത്ത് ചോദിച്ചിട്ടില്ലെ, "എന്തിനാ എന്റെ കാര്യത്തിൽ ഇടപ്പെടുന്നേ?" എന്ന്. ഓർക്കുക, അപ്പോഴൊക്കെ ഞാൻ തിൻമയുടെ ആവാസത്തിലാണ്. ഉള്ളിൽ നന്മയുടെ വിത്തുകൾ അവശേഷിക്കുന്നുണ്ടെങ്കിലെ നന്മ ദർശിക്കാൻ സാധിക്കു. പ്രിയപ്പെട്ടവർക്കു മുമ്പിൽ ജീവിതത്തെ തുറന്ന പുസ്തകമായി വച്ചുകൊടുക്കുമ്പോഴാണ് ജീവിതത്തിലേയ്ക്ക് അനുഗ്രഹങ്ങൾ വിരുന്ന് വരുന്നത്. പ്രിയപ്പെട്ടവർക്ക് മുമ്പിൽ ജീവിതത്തിന്റെ വാതായനങ്ങൾ കൊട്ടിയടക്കുമ്പോൾ, അവർക്ക് എന്നിലേയ്ക്ക് പ്രവേശിക്കാനുള്ള വാതായനങ്ങൾ മാത്രമല്ല, എനിക്ക് അവരിലേയ്ക്ക് പ്രവേശിക്കാനുള്ള വാതായനങ്ങൾ കൂടിയാണ് ഞാൻ കൊട്ടിയടക്കുന്നത് എന്ന തിരിച്ചറിവ് നമുക്ക് വേണം കുടുംബജീവിതം അനുഗ്രഹപ്രദമാക്കാൻ

പിശാചബാധിതൻ
നഗ്നനാണ്...
തിന്മ കൂട്ടുള്ളവർക്ക്
ലജ്ജയെന്തെന്നറിയില്ല.
മാന്യതയും സഭ്യതയും
അവർക്കില്ല...
ലജ്ജാകരമായ
പ്രവർത്തികളിൽ
ഏർപ്പെടാനും
വ്യപരിക്കാനും തിന്മയുടെ
അടിമത്തം ഒരുവനെ
പ്രേരിപ്പിക്കും...

➲ പന്നികൾ പോലും പിശാചിന്റെ സാന്നിദ്ധ്യം ഇഷ്ടപ്പെടുന്നില്ല. "പന്നികൾ കിഴക്കാം തൂക്കായ ചെരുവിലൂടെ പാഞ്ഞ് ചെന്ന് കടലിൽ മുങ്ങി ചത്തു." യഹൂദ പശ്ചാത്തലവും പാരമ്പര്യവുമനുസരിച്ച് പന്നികളുടെ ജന്മം ഏറ്റവും നികൃഷ്ടമായാണ് കണ്ടിരുന്നത്. ഒരു കൂട്ടം യഹൂദന്മാരുടെ പ്രാർത്ഥനകളിലൊന്ന് ഇതായിരുന്നു, "കർത്താവേ, നീ ഞങ്ങളെ പന്നികളാക്കി സൃഷ്ടിച്ചില്ലല്ലോ. ദൈവമേ, നിനക്കു നന്ദി." ഏറ്റവും നികൃഷ്ടമായി കണ്ടിരുന്ന പന്നികൾപ്പോലും പിശാചിന്റെ സാന്നിദ്ധ്യം ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് അവയിൽ പിശാച് ആവസിച്ചപ്പോൾ പന്നികൾ കിഴക്കാം തൂക്കായ ചെരുവിലൂടെ പാഞ്ഞ് ചെന്ന് കടലിൽ മുങ്ങി ചത്തു. തിന്മകളുടെ ദുഷ്ടശക്തികളുടെ സാന്നിദ്ധ്യം എന്റെ ജീവിതത്തിൽ, കുടുംബത്തിൽ ഉണ്ടാകുമ്പോൾ എന്റെ പ്രതികരണം എപ്രകാരമാണ്. അവയോട് സമരസപ്പെട്ട് ജീവിക്കാനാണോ, അതോ, അതിൽ നിന്ന് കരയേറാനാണോ നമുക്ക് താത്പര്യം. ഇതിനർത്ഥം, ദുഷ്ടശക്തികളുടെ ആവാസം എന്റെ ജീവിതത്തിലുണ്ടെങ്കിൽ ആത്മഹത്യ ചെയ്യാനല്ല. മറിച്ച്, കർത്താവിനെ തേടി പോകാനും അവനിൽ നിന്ന് സൗഖ്യം സ്വന്തമാക്കാനുമാണ്.

➲ പട്ടണനിവാസികളുടെ പ്രതികരണം ഏറെ അൽഭുതപ്പെടുത്തുന്നി ഒന്നാണ്. "ഞങ്ങൾ ഇങ്ങനെയാണ്. ഞങ്ങൾ ഇതിൽ സന്തോഷവൻമാരാണ്. ഞങ്ങളുടെ കാര്യത്തിൽ ആരും ഇടപ്പെടേണ്ട. അതുകൊണ്ട്, ഞങ്ങളുടെ അതിർത്തിവിട്ട് പോകണം." അൽഭുതങ്ങൾ വിശ്വസം ജനിപ്പിക്കാനുള്ളത്. പക്ഷെ, ഈശോ അവിടെ അൽഭുതം പ്രവർത്തിച്ചപ്പോൾ അവിടെ വിശ്വാസമല്ല അരങ്ങേറിയത്. അവർ അൽഭുതം സമ്മാനിച്ച ക്രിസ്തുവിനെ പടിയടച്ച് പിണ്ഡം വയ്ക്കുകയാണ്. അറിഞ്ഞും അറിയാതെയും ഒരുപാട് അൽഭുതങ്ങൾ കർത്താവ് വഴി നമ്മുടെ ജീവിതത്തിൽ സംഭവിക്കാറുണ്ട്. അൽഭുതങ്ങൾ നമ്മുടെ ജീവിതത്തിൽ അരങ്ങേറുമ്പോൾ നമ്മുടെ വിശ്വാസം വർദ്ധി

ക്കാറുണ്ടോ? അതോ, അൽഭുതങ്ങൾക്ക് വേണ്ടി മാത്രം കർത്താവിനെ കൂട്ട് പിടിക്കുന്നവരാണോ നമ്മൾ? അൽഭുതങ്ങളെ സ്വീകരിക്കുന്ന വിധത്തിലാണ് വിശ്വാസം ജനിപ്പിക്കുന്നത്. എന്റെ ജീവിതത്തിൽ കർത്താവ് ഇടപ്പെടുന്നത്, അൽഭുതങ്ങൾ അരങ്ങേറുന്നത് ഞാൻ കർത്താവിനോട് കൂടെയാകാൻ വേണ്ടിയാണ് എന്നുള്ള ബോധ്യമുണ്ടെങ്കിൽ ഞാൻ കർത്താവിനോട് മറുതലിക്കത്തില്ല. കർത്താവിനെ പടിയടച്ച് പിണ്ഡം വയ്ക്കുകയുമില്ല.

➲ പന്നികളെ മേയ്ക്കുന്നവരുടെ സാക്ഷ്യം ഒരു പട്ടണത്തെ മുഴുവൻ അവിശ്വാത്തിലേയ്ക്ക് തള്ളിവിട്ടു. എന്നാൽ, യോഹന്നാന്റെ നാലാം അദ്ധ്യായത്തിൽ കണ്ടുമുട്ടുന്ന സമരിയാക്കാരി സ്ത്രീയുടെ സാക്ഷ്യം ഒരു പട്ടണത്തെ മുഴുവൻ വിശ്വാസത്തിലേയ്ക്ക് അടുപ്പിക്കുന്നു. എന്റെ സാക്ഷ്യം എപ്രകാരമുള്ളതാണ്? വിശ്വാസികൾക്ക് ഉതപ്പു നൽകുന്ന വിധത്തിലാണോ ഞൻ സാക്ഷ്യം നൽകുന്നത്? ഇങ്ങനെയുള്ളവർക്കുള്ള വിധി കർത്താവ് പ്രഖ്യാപിച്ചിട്ടുണ്ട്, "കഴുത്തിൽ ഒരു വലിയ തിരിക്കല്ലു കെട്ടി കടലിന്റെ ആഴങ്ങളിൽ ആഴ്ത്തപ്പെടുക" എന്നതാണ്. സാക്ഷ്യം ജീവിതമാകണം. ജീവിതമായിരിക്കണം പ്രഘോഷിക്കേണ്ടത്. അവതരിച്ച വചനമായി നാം ജീവിക്കുന്നുണ്ടെങ്കിൽ അതു തന്നെയാണ് ഏറ്റവും വലിയ സാക്ഷ്യം.

ഫാ. ജോബി മേനോത്ത്

ഒരു പന്നിക്കൂട്ടത്തെ
മുഴുവൻ അവേശിക്കാന്
പാകത്തിന് തിന്മയുടെ
അധിനിവേശം
അയ്യാളിലുണ്ടായിരുന്നു.
6000 പട്ടാളക്കാരെ
ഓർമ്മപ്പെടുത്തുന്നതാണ്
ലെഗിയോൺ എന്ന വാക്ക്.
എത്രയോതരം
തിന്മയുടെ ശക്തിയാണ്,
സ്വാധീനമാണ്
നമ്മിലുള്ളത്!